# അതിരൂപതാദിനം 2009, ഒക്ടോബർ 1

## ആമുഖം

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ പവിത്രീകൃതമായ തിരുവനന്തപുരം അതിരൂപത ഇന്ന് സന്തോഷത്തിന്റെ നിറവിലാണ്. കാരണം അതിരൂപതാദിനം നമ്മുടെ ഇടവക തലത്തിൽ നാം ആഘോഷിക്കുകയാണ്. ഈയവസരത്തിൽ ഈ നല്ല ദിനത്തിന്റെ എല്ലാവിധ ഈശ്വരാനുഗ്രഹങ്ങളും ഭാവുകങ്ങളും നിങ്ങൾക്കേവർക്കും അതിരൂപതയുടെ നാമത്തിൽ ആദ്യമെ ആശംസിക്കുന്നു.

മനുഷ്യസ്നേഹത്തിന്റെ ചരിത്രത്തിൽ മായാത്ത വ്യക്തി മുദ്രപതിപ്പിച്ച ഒരു മഹാരത്നമാണ് വി. കൊച്ചുത്രേസ്യാ. സമ്പത്തും സൗഭാഗ്യവും ജീവിത സൗകര്യങ്ങളും അവൾ ദൈവസ്നേഹത്തെ പ്രതിയും സഹോദരസ്നേഹത്തെ പ്രതിയും ഉപേക്ഷിച്ചു. വി. കൊച്ചുത്രേസ്യായുടെ ജീവിതം സഹനത്തിന്റേതായിരുന്നു. സഹനത്തിലൂടെയാണ് അവൾ വിശുദ്ധിയുടെ മഹോന്നതസോപാനത്തിലേക്ക് പറന്നത്. സഹനത്തിൽ വി.കൊച്ചുത്രേസ്യാ സന്തോഷം കണ്ടിരുന്നു. സഹനത്തെ സസന്തോഷം സ്വീകരിച്ച അവളെ ദൈവം മഹത്വത്തിലേക്ക് ഉയർത്തി. സന്ന്യാസാന്തസ്സിലേക്കു പ്രവേശിച്ചതോടെ വേദനകൾ അവസാനി ക്കുകയല്ല വർദ്ധിക്കുകയാണ് ചെയ്തത്. ഈ സഹനം മരണംവരെ നീണ്ടു. കാരണം സഹനങ്ങളെ അവൾ ദൈവദാനമായി കണ്ടു എന്നു മാത്രമല്ല മറ്റുള്ളവരിൽ നിന്നും തനിക്ക് ലഭിച്ച വേദനകളെ സഹനത്തിന്റെ തോൽക്കുടങ്ങളിലാക്കി മധുരീകരിക്കുകയും മുള്ളുകളെ സുകൃത മലരുകളാക്കുകയും ജീവിതത്തെ തന്നെ സഹനത്തിന്റെ അനശ്വര കാവ്യമാക്കി മാറ്റുകയും, തന്റെ ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങളെ വലിയ പുണ്യങ്ങളാക്കി മാറ്റുകയും ചെയ്തു.

"ഭൂമിയിൽ നന്മ ചെയ്തുകൊണ്ട് എന്റെ സ്വർഗ്ഗം വിനിയോഗിക്കാൻ ഞാനഭിലഷിക്കുന്നു" എന്നു പറഞ്ഞ വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം സത്യത്തിന്റെയും ജീവന്റെയും പാതയിൽ മാനവരാശിയെ നയിക്കുവാൻ ഇടയാവട്ടെയെന്നും മരണശേഷം റോസാപൂക്കളെ വർഷിക്കാമെന്ന് ഉറപ്പ് നൽകിയ വിശുദ്ധയുടെ അനുഗ്രഹകടാക്ഷം തിരുവനന്തപുരം അതിരൂപതാ മക്കളിൽ എന്നുമുണ്ടാകട്ടെ എന്നും പ്രാർത്ഥിക്കാം. വി. കൊച്ചുത്രേസ്യാ വൈദീകരുടെ വിശ്വസ്തതയ്ക്കായി എന്നും പ്രാർത്ഥിക്കുകയും തന്റെ സഹനങ്ങൾ അവരുടെ വിശുദ്ധീകരണത്തിനായി സമർപ്പിക്കുകയും ചെയ്തതു പോലെ ഈ വൈദീകവർഷത്തിൽ നമുക്കും വൈദീ കർക്കായി പ്രാർത്ഥിച്ചുകൊണ്ടും അവരുടെ വിശ്വസ്ത തയ്ക്കും വിശുദ്ധീകരണത്തിനുമായി നമ്മുടെ പ്രാർത്ഥ നകളും നന്മപ്രവൃത്തികളും ത്യാഗപ്രവൃത്തികളും കാഴ്ചവെച്ചുകൊണ്ട് നമുക്ക് ഈ ദിവ്യബലിയ്ക്കായി ഒരുങ്ങാം.

ബലിയർപ്പണത്തിനായ് ഈ ദൈവാലയത്തിലേക്കു കടന്നുവന്ന ഏവരെയും വി. കൊച്ചുത്രേസ്യയുടെ നാമത്തിൽ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

- എല്ലാവരും എഴുന്നേല്ക്കുന്നു.
- ഗായകസംഘം പ്രവേശനഗാനത്തിനു തുടക്കം കുറിക്കുന്നു.
- ബലിവേദിയിലേക്ക് പ്രദക്ഷിണം ആരംഭിക്കുന്നു.

പ്രദക്ഷിണ ക്രമം - ധൂപം
കുരിശ്
ദീപവാഹകർ
അൾത്താരശുശ്രൂഷകർ
കാർമ്മികൻ

## സമിതി പ്രാർത്ഥന

വിനീതർക്കും ശിശുക്കൾക്കും സ്വർഗ്ഗരാജ്യം സജ്ജമാക്കിയ ദൈവമേ, ഞങ്ങളുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെ അനുകരിച്ച് രൂപതാംഗ ങ്ങളായ ഞങ്ങളും, ജീവൻ സമൃദ്ധമായി നൽകുവാൻ വന്ന യേശുവിനെ വിശ്വസ്തതയോടെ പിന്തുടർന്ന് അവിടുത്തെ യഥാർത്ഥ ശിഷ്യഗണമായിത്തീരുവാൻ കൃപയേകണമേ. ഞങ്ങളുടെ അതിരൂപതയുടെ ദർശനങ്ങളും സ്വപ്നങ്ങളും ഉൾക്കൊള്ളുവാൻ വേണ്ട വെളിച്ചവും അവ പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാൻ വേണ്ട വരദാനങ്ങളും ഞങ്ങൾക്കും, ഞങ്ങളുടെ അതിരൂപതാ സമൂഹത്തിനും നൽകി അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ പരിശു ദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവും അങ്ങയുടെ പുത്രനുമായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.

**ഒന്നാം വായന - ഏശയ്യ 66:10-14**

ദൈവത്തിന്റെ സ്നേഹത്തിന്റെയും കാരുണ്യ ത്തിന്റെയും വിശാലതയും ആത്മാർത്ഥതയുമാണ് ഒന്നാം വായനയിൽ പ്രതിപാദിച്ചിരിക്കുന്നത്. അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കുമെന്ന് അവിടുന്ന് ഉരുവിടുമ്പോൾ ദൈവമക്കളുടെ എല്ലാ തിന്മകളും മാലിന്യങ്ങളും കഴുകികളയുന്ന ജലമായിട്ടാണ് ദൈവത്തിന്റെ കാരുണ്യത്തെ നാം കാണേണ്ടത്. അവിടുത്തെ നാം എത്ര മുറിപ്പെടുത്തിയാലും നമ്മുടെ മുറിവുകൾ സൗഖ്യമാക്കുന്ന ഒരു ഹൃദയമാണ് അവിടുത്തേക്കുള്ളത്. ആ കാരുണ്യം നിറഞ്ഞ ദൈവം നമ്മെ വിളിക്കുകയാണ്, അവിടുത്തെ സ്നേഹവും ആശ്വാസവും നുകരാനായിട്ട്. ആ വിളിയുടെ സ്വരം ശ്രവിക്കാൻ നമ്മുടെ തിരക്കേറിയ ജീവിതത്തിന് കഴിയണം. അവിടുത്തെ നീർച്ചാലിന് അരികിലേക്ക് നമുക്ക് കടന്നു ചെല്ലാം. വറ്റി വരണ്ട ജലാശയങ്ങൾ തേടി പോകുന്നവരാകാതെ അവിടുത്തെ ഐശ്വര്യം ആസ്വദിക്കാനും അനുഭവിക്കാനും നമ്മളെ ഒരുക്കണമെന്ന് യാചിച്ചുകൊണ്ട് ഒന്നാം വായന ശ്രവിക്കാം.

**രണ്ടാം വായന - 1 കോറി 1:26-31**

'അഭിമാനിക്കുന്നവൻ കർത്താവിൽ അഭി മാനിക്കട്ടെ' എന്ന വചനത്തിനുമുന്നിൽ ദൈവത്തിന്റെ വത്സലമക്കളായ നമുക്ക് നമ്മെക്കുറിച്ച് തന്നെ ചിന്തിക്കാം. വെറും ധൂളിമാത്രമായ നമുക്ക് അഭിമാനിക്കാനായി നമ്മുടെതായി എന്താണുള്ളത്, ദൈവം ദാനമായി നൽകിയതല്ലാതെ. മനുഷ്യന്റെ അസ്തിത്വം ദൈവ ത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ദൈവ സന്നിധിയിൽ അരും അഹങ്കരിക്കണ്ടയെന്ന് അപ്പസ്തോലൻ പറയുമ്പോൾ അർത്ഥമാക്കേണ്ടത് സ്വാർത്ഥത നിറഞ്ഞ ഈ ലോകത്ത് നിസ്വാർത്ഥസേവകർ ആകേണ്ടതിന്റെ അവശ്യകതയാണ്. സ്വന്തമാക്കാമായിരുന്ന പലതിനെയും മറ്റുള്ളവർക്കായി വിട്ടുകൊടുത്തുകൊണ്ട് അതിലൂടെ സ്വയം ഇല്ലാതായി തീർന്ന് അപരന്റെ ജീവിത്തിൽ വെളിച്ചമാകാൻ വേണ്ട കൃപയ്ക്കായി യാചിച്ചുകൊണ്ട് രണ്ടാം വായന ശ്രവിക്കാം.

**സുവിശേഷം - വി. മത്തായി 18: 1-4**

## വിശ്വാസികളുടെ പ്രാർത്ഥന

1. നിത്യപിതാവിന്റെ പുത്രനായ മിശിഹായെ, അങ്ങു തുടങ്ങിയ രക്ഷാകരദൗത്യം തുടർന്നു കൊണ്ടു പോകുന്നതിന് നിയമിതരായിരിക്കുന്ന തിരുസ്സഭാ ശ്രേഷ്ഠനായ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പയേയും, അതിരൂപതാധ്യക്ഷനായ സൂസപാക്യം മെത്രാപ്പോലീത്തയേയും, അതിരൂപതയിലെ വൈദീകരേയും, സന്ന്യാസി സന്ന്യാസിനികളെയും, വിശുദ്ധിയിലും വിശ്വാസത്തിലും ഐക്യത്തിലും കാത്തു സംരക്ഷി ക്കണമെന്നും, ദൈവജനത്തെ ദൈവസ്നേഹത്തി ലേക്ക് നയിക്കുന്നതിനുള്ള ആത്മീയ വെളിച്ചം നൽകി എല്ലാ സഭാശ്രേഷ്ഠരെയും, പ്രത്യേകിച്ച് ഈ വൈദീകവർഷത്തിൽ ക്രിസ്തുവിന്റെ വിശ്വസ്തത, വൈദീകരുടെ വിശ്വസ്തതയായി മാറാൻ അനുഗ്രഹി ക്കണമെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
2. മഹത്തരങ്ങളായ പ്രവൃത്തിയല്ല, മഹത്തായ സ്നേഹമാണ് ആവശ്യമെന്ന് പറഞ്ഞുകൊണ്ട് ദൈവസ്നേഹത്തിന് ജീവിതത്തിലൂടെ സാക്ഷ്യം വഹിച്ച വി.കൊച്ചുത്രേസ്യായുടെ ജീവിതമാതൃക നല്കി എല്ലാ മിഷണറിമാരെയും അനുഗ്രഹിക്കണമെ. ക്രിസ്തുവിനെപ്രതിയും സുവിശേഷത്തെ പ്രതിയും ഇന്ന് മിഷണറിമാർ നേരിടുന്ന എല്ലാ പ്രതിസന്ധികളിലും തളരാതെ, പതറാതെ, അനുദിനം ഉണ്ടാകുന്ന പീഢനങ്ങൾ സധൈര്യം നേരിടുവാനും സമചിത്തതയോടുകൂടി എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കാനുള്ള കൃപാവരം നല്കി അവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
3. ലോകത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യാനായി ഭൂമിയിൽ ജാതനായ യേശുവേ, കുടുംബങ്ങളിൽ ശാന്തിയും സമാധാനവും ഹൃദയ ഐക്യവും വളർത്തണമെന്നും, ദാമ്പത്യബന്ധം വിശ്വസ്തതയോടെ ആജീവനാന്തം കാത്തു പരിപാലിച്ചുകൊണ്ടു പോകാൻ ഭാര്യാഭർത്താക്കന്മാരെയും, മക്കളിൽ ദൈവസ്നേഹവും വിശ്വാസവും പകർന്നു കൊടുക്കുവാൻ എല്ലാ മാതാപിക്കളെയും,

മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കുവാനും അവരെ ബഹുമാനിക്കുവാനുമുള്ള കൃപാവരം ഞങ്ങളുടെ ഇടവകയിലെ എല്ലാ മക്കൾക്കും നല്കി അനുഗ്രഹിക്കണമെന്ന് കുടുംബത്തിന്റെ സ്ഥാപക നായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കാൻ കല്പിച്ച ദൈവമേ, സ്ഥിരമായ ജോലിയില്ലാതെ അലയുന്ന യുവതിയുവാക്കളെ അനുഗ്രഹിക്കണ മെന്നും, മണ്ണിനോടും കടലിനോടും മല്ലിട്ട് ഉപജീവന മാർഗ്ഗം തേടുന്നവരെ കരുണയോടെ കടാക്ഷിക്കണ മെന്നും നല്ല കാലാവസ്ഥയും സമൃദ്ധമായ കാർഷികവിളയും മത്സ്യവിളയും നല്കി, ഞങ്ങളുടെ നാടിനെയും വീടിനെയും അനുഗ്രഹിക്കണമെന്ന് തൊഴിലിന്റെ നാഥനായ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
5. കുരുടന് കാഴ്ചയും, ചെകിടന് കേൾവിയും, മുടന്തനു നടക്കാനുള്ള ശക്തിയും നൽകിയ ദൈവമേ, രോഗികളായി ആശുപത്രികളിലും വീടുകളിലും കഴിയുന്നവരെ അങ്ങയുടെ കരസ്പർശനം വഴി സൗഖ്യപ്പെടുത്തണമെന്നും, അവർക്ക് സഹനത്തിൽ ക്ഷമയും, പ്രത്യാശയിലുള്ള ഉറപ്പും നൽകി ഓരോരുത്തരേയും ആത്മീയവും ശാരീരികവുമായി അനുഗ്രഹിക്കണമെന്നും സൗഖ്യദാതാവായ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## കാഴ്ചവയ്പ്

എല്ലാനന്മകളുടെയും ദാതാവായ ദൈവമേ, വചനാധിഷ്ഠിത ജീവിതം നയിക്കാൻ വിശുദ്ധഗ്രന്ഥവും, മറ്റുള്ളവർക്ക് പ്രകാശമേകുവാൻ ദീപങ്ങളും, സൗരഭ്യമേകുവാൻ ചന്ദനത്തിരികളും, സൗഗന്ധികമാകാൻ പുഷ്പങ്ങളും, ആരോഗ്യത്തിനായ് ഔഷധങ്ങളും, അറിവിനായ് പഠനോപ കരണങ്ങളും, അദ്ധ്വാന ത്തിനായ് പണിയായുധങ്ങളും, രുചി പകരുവാൻ ഉപ്പും, പാർപ്പിടത്തിനായ് മണ്ണും, നിലനില്പിനായ് ജലവും, പങ്കുവയ്ക്കാനായി ഫലങ്ങളും, മുറിക്കപ്പെടാനും സമൃദ്ധമായ ജീവൻ കൈവരിക്കുവാനുമായി അപ്പവും വീഞ്ഞും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളുടെതന്നെ ആത്മസമർപ്പണത്തിന്റെ പ്രതീകമായി നല്കപ്പെടുന്ന ഈ കാഴ്ചവസ്തുക്കൾ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെയെന്ന പ്രാർത്ഥനയോടെ ഇവ ഞങ്ങൾ സമർപ്പിക്കുന്നു. നാഥാ സ്വീകരിച്ചാലും...

## കാഴ്ചവയ്പ് ക്രമം

1. വി. ഗ്രന്ഥം
2. മെഴുകുതിരി
3. ചന്ദനത്തിരി
4. പുഷ്പങ്ങൾ
5. ഔഷധങ്ങൾ
6. പഠനോപകരണങ്ങൾ
7. പണിയായുധങ്ങൾ
8. ഉപ്പ്
9. മണ്ണ്
10. ജലം
11. ഫലങ്ങൾ
12. അപ്പവും വീഞ്ഞും.

## നൈവേദ്യ പ്രാർത്ഥന

എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഈ പ്രപഞ്ചത്തിലൂടെ അങ്ങ് ഞങ്ങൾക്ക് കനിഞ്ഞരുളിയ ദാനദ്രവ്യങ്ങളിൽ നിന്നും ഈ അപ്പവും വീഞ്ഞും ഞങ്ങൾ അങ്ങേയ്ക്ക് കാഴ്ചയായി അർപ്പിക്കുന്നു. ഈ അപ്പവും വീഞ്ഞിലൂടെയും ഞങ്ങളെ ഓരോരുത്തരേയും ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഈ അപ്പവും വീഞ്ഞും അങ്ങ് ആശീർവദിച്ച് വിശുദ്ധീകരിക്കുന്നുവല്ലോ. അതുപോലെ ഞങ്ങളെയും സ്വീകരിച്ച് പവിത്രീകരിക്കണമേ. അങ്ങനെ ഞങ്ങൾ പരിശുദ്ധമായ ഒരു ജീവിതം കാഴ്ചവെയ്ക്കുവാനും അങ്ങേയ്ക്ക് ഏറ്റവും ഇഷ്ടമുള്ള മക്കളായി തീരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

**ദിവ്യഭോജന പ്രാർത്ഥന**

സ്നേഹപിതാവേ, ഞങ്ങളുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായിലൂടെ ഞങ്ങളിലും ഞങ്ങളുടെ ഇടവകയിലും അതിരൂപതാ സംവിധാനങ്ങളിലും അങ്ങ് ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പ്രിയ പുത്രന്റെ തിരുശ്ശരീര രക്തങ്ങൾ സ്വീകരിച്ച് ജീവന്റെ സമൃദ്ധിയിൽ പങ്കുകാരാകാൻ അങ്ങ് ഞങ്ങൾക്ക് വരമരുളിയല്ലോ. ഈ ദിവ്യ കൂദാശയുടെ ശക്തിയാൽ, ഞങ്ങളുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെ അനുകരിച്ച്, യേശുവിനോടൊപ്പം സുവിശേഷ സാക്ഷികളും, ജീവന്റെ അപ്പവും, ജീവൻ സമൃദ്ധമായി നൽകുന്ന അവിടുത്തെ ശിഷ്യരുമായിത്തീരുവാൻ വേണ്ട കൃപ ഞങ്ങൾക്ക് തന്നരുളേണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

അതിരൂപതാദിനാശംസകളോടെ,

ഫാ. ജെറോം ഫെർണാന്റസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ